# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5403 — 18.11.2019 ൽ മറുപടിക്ക്

<u>സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെ ചുമതലകൾ എന്തെല്ലാമാണ്; | (എ) | രാജ്യതലസ്ഥാനത്തെ വിവിധ മന്ത്രാലയങ്ങളുമായും കേന്ദ്ര സർക്കാർ ഓഫീസുകളുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാന വികസനത്തിന് ഉതകുന്ന രീതിയിൽ വളരെ വിശാലവും വൻ തോതിലുമുള്ള കേന്ദ്ര സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള അംഗീകാരം/അനുമതി നേടിയെടുക്കുക, നിരന്തരവും സൗഹാർദ്ദപൂർണ്ണവുമായ കേന്ദ്ര സംസ്ഥാന ബന്ധം നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിലും അനുബന്ധ മന്ത്രാലയങ്ങളിലും ഉന്നത തലത്തിലുള്ള ഇടപെടൽ നടത്തുക, സംസ്ഥാന സർക്കാരിന്റെ നയങ്ങളും നിലപാടുകളും കേന്ദ്രസർക്കാർ മുമ്പാകെ വ്യക്തമായി അവതരിപ്പിച്ച് കേന്ദ്രത്തിൽ നിന്ന് അനുകൂല നടപടികൾ ഉറപ്പാക്കുന്നതിന് വേണ്ട തുടർ നടപടികൾ നടത്തുക തുടങ്ങിയവയാണ് സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയുടെ പ്രധാന ചുമതലകൾ. |
| (ബി) | പ്രതിനിധിയെ സഹായിക്കുന്നതിനായി സൃഷ്ടിച്ചിട്ടുള്ള തസ്തികകളിലേക്ക് ഏത് രീതിയിലാണ് നിയമനം നൽകിയിട്ടുള്ളത്; | (ബി) | 03.08.2019 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 145/2019/പൊ.ഭ.വ, 14.11.2019 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6542/2019/പൊ.ഭ.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിലവിലെ പ്രത്യേക പ്രതിനിധിയുടെ നിയമന കാലാവധി വരെ സഹായികൾക്കും തുടരാമെന്ന വ്യവസ്ഥയിലാണ് നിയമനം നൽകിയിട്ടുള്ളത്. |
| (സി) | പ്രതിനിധിക്കും സ്റ്റാഫുകൾക്കും എന്തെല്ലാം ആനുകൂല്യങ്ങൾക്കാണ് അർഹതയുള്ളത്; വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ കാബിനറ്റ് മന്ത്രിക്ക് ലഭ്യമാവുന്ന ആനുകൂല്യങ്ങൾക്കും സൗകര്യങ്ങൾക്കും പ്രത്യേക പ്രതിനിധിയും അർഹനാണ്. |

സെക്ഷൻ ഓഫീസർ